# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5025

06/02/2014ൽ മറുപടി നൽകേണ്ടിയിരുന്നത്

### ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷൻ

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ. എ.കെ.ബാലൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) വിവിധ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് പി.എസ്.സി. നടത്തുന്ന റിക്രൂട്ട്മെന്റിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ നിലവിൽ എത്ര ശതമാനം സംവരണമാണ് ഉള്ളത്; എത്ര ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ നിലവിൽ പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റിൽ ഉണ്ട്; | (എ) 5.4.2010ലെ G.O(P) 12/2010/P&ARD ഉത്തരവ് പ്രകാരം, ക്ലാസ് IV ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള താഴ്ന്ന ശമ്പള വിഭാഗം ജീവനക്കാർക്കും, വിവിധ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ പി.എസ്.സി. നടത്തുന്ന റിക്രൂട്ട്മെന്റിൽ 10% സംവരണം നിലവിലുണ്ട്. നിലവിൽ പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ എണ്ണം 8153 ആണ്. |
| (ബി) 10 ശതമാനം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ അതാത് വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ പ്രൊമോഷൻ നൽകി നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (ബി)യും (സി)യും<br>5.4.2010ലെ G.O(P) 12/2010/P&ARD ഉത്തരവ് പ്രകാരം ക്ലാസ് IV ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള താഴ്ന്ന ശമ്പള വിഭാഗം ജീവനക്കാർക്കും പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷ മുഖേന എൽ.ഡി. ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ നിയമനത്തിനായി 10% സംവരണം അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന ശമ്പള വിഭാഗം ജീവനക്കാർക്കും, തസ്തികമാറ്റം വഴി അതാത് വകുപ്പിലെ എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേയ്ക്കുകൂടി യോഗ്യതയുടെയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തികമാറ്റം അനുവദിച്ചു നൽകുന്നതിന് 3.1.2014ലെ സ.ഉ(പി) നമ്പർ 1/2014/ഉ.ഭ.പ.വ. പ്രകാരം താഴെ പറയുന്ന വ്യവസ്ഥകളോടെ ഉത്തരവായിട്ടുണ്ട്. |

| | |
|---|---|
| | (i) തസ്തികമാറ്റം ലഭിക്കുവാനർഹരായ ജീവനക്കാർ താഴ്ന്ന തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചിരിക്കണം.<br>(ii) ടി ജീവനക്കാർ താഴ്ന്ന തസ്തികയിൽ/ തസ്തികകളിൽ 3 വർഷം സേവനം പൂർത്തീകരിച്ചിരിക്കണം. |
| (സി) പി.എസ്.സി.റിക്രൂട്ട്മെന്റിന് പുറമെയാണോ വകുപ്പ് തലത്തിൽ പ്രൊമോഷൻ നൽകുന്നത്; | |
| (ഡി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഒരേ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് പി.എസ്.സി. മത്സര പരീക്ഷയിലൂടെയും വകുപ്പുകൾ നേരിട്ടും രണ്ടുതരത്തിലുള്ള നിയമനരീതി ആശാസ്യമാണോ; നിയമന രീതികൾ ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) നിയമന രീതികൾ ഏകീകരിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ